നം.എ1/22222/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 22.10.2019
*E.mail –aandbdpi@gmail.com*

# സർക്കുലർ- III

വിഷയം:- പൊ.വി - ജീവനക്കാര്യം -2019-20 അദ്ധ്യയന വർഷം -അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലമാറ്റ നടപടികൾ പുനരാരംഭിക്കുന്നത് -സംബന്ധിച്ച്.

സൂചന;-1. 30/08/2019 തീയതിയിലെ ഈ കാര്യാലയത്തിലെ കത്ത് നമ്പർ എ1/22222/2019/ഡിജിഇ
2. 04/10/2019 തീയതിയിലെ സർക്കാർ കത്ത് നമ്പർ ജെ3/105/17/പൊ.വി.വ.

. . . .

മേൽ സൂചന കത്ത് (1) പ്രകാരം 2019-20 വർഷത്തേക്കുള്ള അന്തർജില്ലാ സ്ഥലംമാറ്റ നടപടികൾ താൽക്കാലികമായി നിർത്തിവെച്ചിരുന്നു. ആയത് പുനരാരംഭിക്കുവാൻ സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള നടപടി ക്രമങ്ങൾ പുനരാരംഭിക്കുവാനും തീരുമാനിച്ചിരിക്കുന്നു.

1. 24-10-2019 തീയതി രാവിലെ 10 മണിക്ക് വെബ്സൈറ്റ് തുറന്നുനൽകുന്നതാണ്.
2. താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയപരിധി **29/10/2019 വരെ.**
3. ആക്ഷേപങ്ങൾ പൂർണ്ണമായി പരിഹരിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി **31/10/2019.**
4. ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകർ എന്നിവരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അവസാന തീയതി **02/11/2019.**
5. താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുവാൻ അനുവദിച്ചിരിക്കുന്ന സമയപരിധി **07/11/2019** വരെ.
6. ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകർ എന്നിവരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അവസാന തീയതി **11/11/2019.**

പുതുക്കി നിശ്ചയിച്ച സമയക്രമം കൃത്യമായി പാലിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ വഴി എല്ലാ സ്കൂളുകളിലും സർക്കുലർ എത്തിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

***ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകർ എന്നിവരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് നിലവിലുള്ള കോടതി വ്യവഹാരങ്ങളുടെ അന്തിമ തീർപ്പിന് വിധേയമായി മാത്രം നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്***

ജീവൻബാബു.കെ ഐ.എ.എസ്.
പൊതു വിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, } സമയ പരിധിക്കുള്ളിൽതന്നെ. സർക്കുലർ ബന്ധപ്പെട്ട ഓഫീസുകളിൽ ലഭ്യമാക്കേണ്ടതാണ്.

പകർപ്പ്:-

1) എക്സിക്യൂട്ടീവ് ഡയറക്ടർ,
   KITE, പൂജപ്പുര, തിരുവനന്തപുരം.
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാക്കും
3) എല്ലാ പ്രധാനാദ്ധ്യാപകർക്കും.
4) എ3/എ5/എ6 സെക്ഷൻ,
5) കരുതൽ ഫയൽ.

(2–4: } ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)